# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 321** — **07.08.2017 — ൽ മറുപടിക്ക്**

## പുതിയ റേഷൻ കാർഡ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി വീണാ ജോർജ്ജ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | കേരളത്തിൽ പുതിയ റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചോ ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള 80,18,030 കാർഡുകളിൽ 67,37,978 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | എ.പി.എൽ, ബി.പി.എൽ. പട്ടിക തരംതിരിക്കുന്നതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്നു വരെ സമയം അനുവദിച്ചിട്ടുണ്ട്; ഇതിനുള്ള അപേക്ഷകൾ ആർക്കാണ് കൊടുക്കേണ്ടത്; | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ./ മുൻഗണനാ/ മുൻഗണനേതര വിഭാഗം എന്നീ വിഭാഗങ്ങളാണ് പൊതുവിതരണ സമ്പ്രദായത്തിലുള്ളത്. മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നതിന് അർഹരായവർ പ്രസ്തുത പട്ടികയിൽ നിന്നു പുറത്തായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുഖാന്തിരം പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ദീർഘകാലമായി ചികിത്സയിൽ കഴിയുന്ന രോഗികളെ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാർഡ് ഉടമകൾക്ക് ബി.പി.എൽ കാർഡ് അടിയന്തിരമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (സി) | ഇക്കാര്യം സംബന്ധിച്ച നിർദ്ദേശം നിലവിലുണ്ട്, കൂടാതെ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന് രേഖപ്പെടുത്തി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*